**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2859** **13-02-2024 - ൽ മറുപടിയ്ക്ക്**

**യുവാക്കളെ സഹകരണ മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിനുള്ള പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സി. എച്ച്. കുഞ്ഞമ്പു<br>ശ്രീ വി ജോയി,<br>ശ്രീ. പി.പി. സുമോദ്,<br>ശ്രീ എം എസ് അരുൺ കുമാർ** | | **ശ്രീ. വി.എൻ വാസവൻ<br>(തുറമുഖം - സഹകരണ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് യുവജനങ്ങളുടെ തൊഴിലും വരുമാനവും വർദ്ധിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ യുവാക്കളെ സഹകരണ മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിനായി നടപ്പാക്കുന്ന പദ്ധതികൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്.<br><br>സർക്കാരിന്റെ ഒന്നാംഘട്ട നൂറുദിന കർമ്മ പരിപാടിയുടെ ഭാഗമായി സംസ്ഥാനത്തൊട്ടാകെ വിവിധ ജില്ലകളിലായി നിലവിൽ 32 യുവജന സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. സർക്കാരിന്റെ രണ്ടാംഘട്ട നൂറ് ദിന കർമ്മ പരിപാടിയിലുൾപ്പെടുത്തി 14 ജില്ലകളിലായി ഒരു ജില്ലയിൽ ഒന്നു വീതം 14 പട്ടികജാതി/പട്ടികവർഗ്ഗ യുവ സഹകരണ സംഘങ്ങളും, സർക്കാരിന്റെ മൂന്നാംഘട്ട നൂറ് ദിന കർമ്മ പരിപാടിയിലുൾപ്പെടുത്തി 3 വനിത യുവ സഹകരണ സംഘങ്ങളും രജിസ്റ്റർ ചെയ്തിട്ടുണ്ട്.<br><br>യുവജന സഹകരണ സംഘങ്ങളുടെ പ്രതിനിധികൾക്കായി സഹകരണ തത്വങ്ങൾ, അക്കൗണ്ടിംഗ്, സംരംഭകത്വം എന്നീ വിഷയങ്ങളിൽ പരിശീലനം സംഘടിപ്പിച്ചിരുന്നു. ടി യുവജന സഹകരണ സംഘങ്ങളുടെ പ്രവർത്തനം സംബന്ധിച്ച് സംഘം പ്രതിനിധികളുടെ അവലോകന യോഗം വിളിച്ച് ചേർത്ത് അവർക്കാവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകി വരുന്നു. ടി സംഘങ്ങളുടെ പ്രവർത്തനം വിലയിരുത്തി ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനും സംഘങ്ങൾക്കാവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നതിനും ജില്ലാതലത്തിൽ നോഡൽ ഓഫീസർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.<br><br>ടി സംഘങ്ങൾ അഭിമുഖീകരിക്കുന്ന സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യുന്നതിന് സംഘങ്ങളുടെ പ്രാരംഭ പ്രവർത്തനത്തിനുള്ള മൂലധനം ഗവൺമെന്റ് ഓഹരിയായും സബ്സിഡിയായും അനുവദിക്കുന്നതിനുള്ള നടപടികൾ സർക്കാർ |

| | | | |
|---|---|---|---|
| | | | സ്വീകരിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ 2022-23 വർക്കിംഗ് ഗ്രൂപ്പിൽ ഉൾപ്പെടുത്തി സംഘങ്ങളുടെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി 3 കോടി രൂപ അനുവദിക്കുകയും ആയത് സംഘങ്ങൾ സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസലുകളുടെ അടിസ്ഥാനത്തിൽ ഒരു സംഘത്തിന് 10 ലക്ഷം രൂപ വീതം അനുവദിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. |
| (ബി) | ഇതിന്റെ ഭാഗമായി സഹകരണ മേഖലയിൽ സൃഷ്ടിക്കുവാൻ കഴിഞ്ഞിട്ടുള്ള തൊഴിലവസരങ്ങൾ എത്രയെന്ന് വിശദമാക്കുമോ; | (ബി) | യുവജന സഹകരണ സംഘങ്ങളിൽ നിലവിൽ വിവിധ സംഘങ്ങളിലായി പ്രത്യക്ഷമായും പരോക്ഷമായും 240 ലധികം തൊഴിലവസരങ്ങൾ നാളിതുവരെ സൃഷ്ടിക്കാൻ സാധിച്ചിട്ടുണ്ട്. യുവ സഹകരണ സംഘങ്ങൾ പൂർണ്ണമായും പ്രവർത്തനക്ഷമമാകുന്നതോടെ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ സാധിക്കുന്നതാണ്. |
| (സി) | യുവജനങ്ങൾക്ക് തൊഴിൽ പരിശീലനത്തിനും നൈപുണ്യ വികസനത്തിനുമായി നടപ്പാക്കുന്ന പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി സഹകരണ വകുപ്പ് സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് അറിയിക്കുമോ? | (സി) | യുവജനങ്ങൾക്ക് തൊഴിൽ പരിശീലനത്തിനും നൈപുണ്യ വികസനത്തിനുമായി നടപ്പാക്കുന്ന പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി സംസ്ഥാനത്തൊട്ടാകെ 32 യുവജന സഹകരണ സംഘങ്ങളും 14 പട്ടികജാതി/പട്ടികവർഗ്ഗ യുവ സഹകരണ സംഘങ്ങളും, **3** വനിത യുവ സഹകരണ സംഘങ്ങളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. ടി സംഘങ്ങളിലൂടെ വ്യത്യസ്ത തരത്തിലുള്ള സംരംഭക പ്രവർത്തനങ്ങളും നൂതന ആശയങ്ങളും ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ആയതിന്റെ ഭാഗമായി വിവിധ ജില്ലകളിലെ സഹകരണ സംഘങ്ങളിലെ അംഗങ്ങൾക്ക് സഹകരണ മേഖലയിലെ സ്വയം തൊഴിൽ, കൃഷി, കാർഷിക ഉത്പന്നങ്ങൾ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കി വിപണനം, വിവിധോദ്ദേശ പ്രവർത്തികൾ ഏറ്റെടുക്കുന്നത് സംബന്ധിച്ച് ക്ലാസ്സുകൾ, ട്രാക്ടർ ഡ്രൈവിംഗ് പരിശീലന ക്ലാസ്സുകൾ, ബോധവത്ക്കരണം എന്നിവ ജില്ലാതലത്തിൽ നൽകി വരുന്നു. യുവ സഹകരണ സംഘങ്ങളിലൂടെ നടത്തുന്ന സംരംഭങ്ങൾ വിജയപ്രദമാക്കാൻ വിവിധ സർക്കാർ വകുപ്പുകളുടെ സഹകരണം ഉറപ്പാക്കുകയും, പൊതുസമൂഹത്തിൽ പ്രസ്തുത സംരംഭങ്ങളെ പരിചയപ്പെടുത്തുന്നതിനായി എക്സിബിഷനുകളിലും പരിപാടികളിലും യുവ സഹകരണ സംഘങ്ങളെ പങ്കെടുപ്പിക്കുകയും അവലോകന യോഗങ്ങൾ നടത്തി സംഘങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുകയും ചെയ്തു വരുന്നു. |

സെക്ഷൻ ഓഫീസർ